# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്തചോദ്യം നം:1195 — 02.03.2017-ൽ മറുപടിക്ക്

## അധ്യാപകർക്ക് പരിശീലനം

ചോദ്യം — ഉത്തരം

ശ്രീ. മഞ്ഞളാംകുഴി അലി — പ്രൊഫ :സി.രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പു മന്ത്രി)

| ചോദ്യം | ഉത്തരം |
|---|---|
| എ) സംസ്ഥാനത്തെ ടീച്ചേഴ്സ് ട്രയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകളിൽ (ടി.ടി.ഐ) എൻ.സി.ടി.ഇ. മാനദണ്ഡപ്രകാരമുള്ള നിർദ്ദിഷ്ട യോഗ്യതയില്ലാത്തവർ പരിശീലനം നൽകുന്ന സാഹചര്യം നിലവിലുണ്ടോ ; എങ്കിൽ എന്താണ് ഈ സ്ഥിതി വിശേഷത്തിന് കാരണമെന്ന് വ്യക്തമാക്കുമോ; | എ) ഉണ്ട്,ഹൈസ്കൂൾ അസിസ്റ്റന്റ്മാരാണ് നിലവിൽ കേരളത്തിലെ എല്ലാ ഗവ: /എയ്ഡഡ് ടി.ടി.ഐ. കളിലും അധ്യാപകരായി പ്രവർത്തിക്കുന്നത്. ഹൈസ്കൂൾ അസിസ്റ്റന്റുമാരിൽ നിന്നും എൻ.സി.ടി.ഇ. ചട്ടപ്രകാരം യോഗ്യതയുള്ളവരെ കണ്ടെത്തി ടി.ടി.ഐ.കളിൽ നിയമിക്കുവാൻ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പുതിയ നിയമനങ്ങൾ നടത്തുമ്പോൾ NCTE മാനദണ്ഡം പാലിക്കണമെന്നുള്ള നിർദ്ദേശം എയ്ഡഡ് സ്കൂൾ മാനേജർമാർക്ക് നൽകിയിട്ടുണ്ട്. കൂടാതെ സർക്കാർ മേഖലയിലും പുതിയ നിയമനങ്ങൾ നടത്തുമ്പോൾ NCTE മാനദണ്ഡ പ്രകാരമുള്ള അധ്യാപകരെ മാത്രം നിയമിക്കുന്നതാണ് |
| ബി) എൻ.സി.ടി.ഇ. ചട്ട പ്രകാരമുള്ള സ്പെഷ്യൽ റൂൾ നിലവിലുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണ് നാളിതുവരെയായി സ്പെഷ്യൽ റൂൾ രൂപീകരിക്കാത്തതെന്ന് വ്യക്തമാക്കുമോ? | ബി) സ്പെഷ്യൽ റൂൾ നിലവിലില്ല. സ്പെഷ്യൽ റൂൾ രൂപീകരിക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കുന്നതാണ്. |
| സി) നിർദ്ദിഷ്ട യോഗ്യതകളില്ലാത്ത പല ടി.ടി.ഐ.കളും കോഴ്സ് നടത്തുന്ന സാഹചര്യം നിലവിലുണ്ടോ; എങ്കിൽ ഇത് വിലക്കുന്നതിന് കഴിയാത്ത സാഹചര്യമെന്താണെന്ന് വിശദമാക്കുമോ? | സി) ഉണ്ട്, എല്ലാ ടി.ടി.ഐ.കളും എൻ.സി.ടി.ഇ. മാനദണ്ഡങ്ങൾ പാലിച്ചിട്ടുണ്ടോ എന്ന് അന്വേഷിച്ച് ഉറപ്പുവരുത്തി നിജസ്ഥിതി അറിയിക്കുവാൻ എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെഅടുത്ത അദ്ധ്യയന വർഷംമുതൽ NCTE മാനദണ്ഡ പ്രകാരമുള്ള TTI കൾക്ക് മാത്രമേ പ്രവർത്തനാനുമതി നൽകുകയുള്ളൂ |
| ഡി) ടീച്ചേഴ്സ് ട്രെയിനിംഗ് കോഴ്സിന്റെ മാനദണ്ഡ പ്രകാരം നിർദ്ദിഷ്ട യോഗ്യതകൾ ടി.ടിഐ. കൾക്കും പരിശീലകർക്കും ഉറപ്പുവരുത്തുന്ന തരത്തിൽ കർശനമായ നടപടികൾ സ്വീകരിക്കുമോ? | ഡി) പുതിയ സ്ഥാപനങ്ങൾ ആരംഭിക്കുമ്പോഴും പുതിയ നിയമനങ്ങൾ നടത്തുമ്പോഴും ഇവ ബാധകമാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ